PANCHAYATHS—NOMINATIONS TO—PROCEDURE REGARDING

307. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ —

(എ) പഞ്ചായത്തുകളിലേക്കു നോമിനേറു് ചെയ്യുന്ന സമ്പ്രദായം എന്തു്;

(ബി) നോമിനേഷനു് അർഹന്മാരായവരെപ്പറ്റി ഇൻസ്പെക്ടർ അവർകൾ അന്വേഷിച്ചറിഞ്ഞു് ഹെൽത്തു് പഞ്ചായത്തു് ഡയറക്ടർ അവർകൾക്കു് റിപ്പോർട്ടു് ചെയ്യുക എന്നതല്ലെ സമ്പ്രദായമായിരുന്നതു്;

(സി) പഞ്ചായത്തു് ഇൻസ്പെക്ടർ അവർകൾ ഡയറക്ടർ അവർകൾക്കു അയക്കുന്നതിന്റെ ഒരു കോപ്പി ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു നേരിട്ടയക്കണമെന്നു് പുതിയ വ്യവസ്ഥ എന്നു മുതലാണു് നടപ്പാക്കിയതു്;

(ഡി) ഈ പുതിയ വ്യവസ്ഥ മൂലം ഡിപ്പാർട്ടുമെണ്ടിന്റെ ഡിസിപ്ലിൻ സംരക്ഷിക്കുവാൻ അസാദ്ധ്യമായി വരുമെന്നും ഗവർമ്മെണ്ടു മനസ്സിലാക്കീട്ടുണ്ടോ;

(ഇ) ഇങ്ങിനെ അനഭിലഷണീയകരമായ ഈ പുതിയ വ്യവസ്ഥ ഏർപ്പെടുത്തുവാൻ മന്ത്രി അവർകളെ പ്രേരിപ്പിച്ച പ്രത്യേക കാരണങ്ങൾ എന്തെല്ലാം?

ഡാക്ടർ എ. ആർ. മേനോൻ: (എ) പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടു് അവരുടെ റിപ്പോർട്ടിൽ സുപാർശ ചെയ്യുന്ന ആളുകളിലും പൊതുജനങ്ങൾ അവരുടെ അപേക്ഷകളിൽ നോമിനേഷനു് ആവശ്യപ്പെടുന്ന ആളുകളിലും വെച്ചു് ഏറ്റവും അർഹതയുള്ള ആളുകളെ ഗവർമ്മെണ്ടു് നോമിനേറു ചെയ്യുന്നു.

(ബി) അതെ.

(സി) അങ്ങിനെ ഒരു വ്യവസ്ഥ ഇല്ല.

(ഡി ആൻഡ് ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏറ്റവും അർഹതയുള്ള ആളുകളെ നോമിനേറു ചെയ്യുന്നുവെന്നു പറഞ്ഞിട്ടുള്ളതിന്റെ വ്യാഖ്യാനം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: പാർട്ടികൊണ്ടും, സ്ഥിതികൊണ്ടും, ലോക്കൽ ഇൻഫ്ലുവൻസുകൊണ്ടും, മയ്യാദകൊണ്ടും മറ്റും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതേവരെ നടത്തീട്ടുള്ള എല്ലാ നോമിനേഷൻസും ഈ പറഞ്ഞ വ്യവസ്ഥകളനുസരിച്ചു് നടത്തീട്ടുള്ളതാണോ?

ഡോക്ടർ എ. ആർ. മേനോൻ: അതും കൂടി നോക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കൂടുതൽ പരിഷ്കാരായോഗ്യതയുള്ള ആളുകളെ പുറത്തു നിറുത്തി ബാക്കിയുള്ളവരെ നോമിനേറ ചെയ്തിട്ടുള്ളതു് എതിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ഡോക്ടർ എ. ആർ. മേനോൻ : വേറെയും കാരണങ്ങളുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതെന്താണു്?

ഡോക്ടർ എ. ആർ. മേനോൻ : ഓരോ കേസും ഓരോ മാതിരിയായിരിക്കും. അതനുസരിച്ചു ചെയ്യും.

മിസ്റ്റർ എം. എൽ. ജോസഫ് : ലോക്കൽ ഇൻററസ്റ്റ് എന്നു പറഞ്ഞിട്ടുള്ളതു് മന്ത്രി അവർകളുടെ ലോക്കൽ ഇൻററസ്റ്റോ മറവുള്ളവരുടെ ലോക്കൽ ഇൻററസ്റ്റോ?

ഡോക്ടർ എ. ആർ. മേനോൻ : അതു സൌകര്യം പോലെയിരിക്കും. രണ്ടു വിധത്തിലുമാകാം.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ : മന്ത്രിയുടെ ലോക്കൽ ഇൻററസ്റ്റ്" എന്നു പറഞ്ഞതിന്റെ കാര്യം മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : രണ്ടു വിധത്തിലുമാകാം എന്നു പറഞ്ഞു. അധികവും ഏതു വിധത്തിലാണെന്നു പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ : നിങ്ങൾ വിചാരിക്കുന്ന വിധത്തിലാണെങ്കിൽ തന്നെയും ഞാനതു പറയുമോ? അഥവാ പറകയാണെങ്കിൽ തന്നെ നിങ്ങളതു വിശ്വസിക്കുമോ?

മിസ്റ്റർ സി. വി. ഐയ്യു : പഞ്ചായത്തു നോമിനേഷനു" ഇത്ര വയസ്സു" വേണമെന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : ഉണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു : എത്രയാണു്?

ഡോക്ടർ എ. ആർ. മേനോൻ : ൨൫.

മിസ്റ്റർ സി. വി. ഐയ്യു : ൨൫ വയസ്സു് തികയാത്ത ആളുകളെ നോമിനേറ ചെയ്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : ഞാനാം നോമിനേറ ചെയ്തിട്ടുണ്ടു്, എനിക്കു മുമ്പിരുന്ന ആളും നോമിനേറ ചെയ്തിട്ടുണ്ടു്. ഗവൺമെൻറു് അഡ്വക്കേററവർകളുടെ അഭിപ്രായത്തിൽ ൨൪ കഴിഞ്ഞാൽ പിന്നത്തെ വയസ്സു" ൨൫ എന്നാണു്. കോടതിയുടെ അഭിപ്രായം ൨൫ വയസ്സു് തികയണമെന്നാണു്.

മിസ്റ്റർ എം. എൽ. ജോസഫ് : ൨൪-ാമത്തെ വയസ്സു് കഴിഞ്ഞാൽ ൨൫ അല്ല എന്നു ഗവൺമെണ്ടിനഭിപ്രായമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : ഇല്ല, അതുകൊണ്ടല്ലെ നോമിനേറ ചെയ്തതു".

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ൨൪ കഴിഞ്ഞാൽ ൨൫ ആണെന്നു വിചാരിച്ചു് നടത്തിയ ഈ നോമിനേഷൻ സാധുകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ; അതു് അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ വി. കെ. കുട്ടി: 21 വയസ്സു് തികയാത്തവർ ഡിപ്പാർട്ട്മെണ്ടിനുള്ളിൽ ജോലി ചെയ്യുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: അതു് ആരാണു്?

ഡോക്ടർ എ. ആർ. മേനോൻ: ഒരു സ്ത്രീയാണു്.

മിസ്റ്റർ എ. വി. മൂത്തേടൻ: ബഹുമാനപ്പെട്ട കോടതിക്കു് അധികാരമുണ്ടോ നോമിനേഷൻ നിരത്തിവെക്കുവാൻ?

ഡോക്ടർ എ. ആർ. മേനോൻ: ഞങ്ങൾ കേസിനു പോയില്ല. കോടതിയുടെ കല്പനയനുസരിച്ചു് നോമിനേഷൻ നിരത്തിവെച്ചു.

മിസ്റ്റർ എ. ഈച്ചരമേനോൻ: കോടതിക്കു് അധികാരമുണ്ടെങ്കിൽ ഹൈക്കോട്ടിൽ പോകണ്ടേ?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: ഈ കേസ്സിൽ ഗവൺമെണ്ടു് കക്ഷിയാണോ?

ഡോക്ടർ എ. ആർ മേനോൻ: കക്ഷിയല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഇതു് നോമിനേറ്റ ചെയ്തു് കക്ഷിക്കു് വാസ്തവത്തിൽ നഷ്ടമല്ലെ?

ഡോക്ടർ എ. ആർ. മേനോൻ: കുറച്ചൊക്കെ നഷ്ടം വരും.

മിസ്റ്റർ സി. വി. ഇയ്യു: ആ നഷ്ടം ഗവൺമെണ്ടു കൊടുക്കേണ്ടതല്ലെ?

ഡോക്ടർ എ. ആർ. മേനോൻ: ഒരു ഹർജി വന്നിട്ടുണ്ടു്. അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

PANCHAYATS—DIRECT SUBMISSION OF PETITIONS TO HON'BLE MINISTER

308. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഡോക്ടർ എ. ആർ. മേനോൻ ഗ്രാമോദ്ധാരണ മന്ത്രിയായി നിയമിതനായതിനുശേഷം എത്തെല്ലാം പഞ്ചായത്തുകൾ ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു നേരിട്ടു ഹർജികൾ സമർപ്പിച്ചിട്ടുണ്ടു";

(ബി) പഞ്ചായത്തുകൾ, ഡയറക്ടർ അവർകൾ വഴിയായിട്ടേ ദിവാൻജി അവർകളേയോ മന്ത്രി അവർകളേയോ ഹർജിസഹിതമോ എഴുത്തു സഹിതമോ സമീപിക്കുവാൻ പാടുള്ളു എന്നും ഡയറക്ടർ അവർകൾ വഴിയല്ലാതെ നേരിട്ടു സമീപിക്കുവാൻ പാടില്ല എന്നും ഉള്ള വ്യവസ്ഥക്കു വിപരീതമായി മന്ത്രി അവർകൾക്കു ഡയറക്ടർ അവർകൾ

LIBRARY ARCHIVES Kerala Legislative Assembly